പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6032 — 07/07/2014- ൽ മറുപടിക്ക്

## കന്നുകുട്ടി പരിപാലന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാലോട് രവി:<br>ശ്രീ. വി.ഡി.സതീശൻ:<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) മൃഗസംരക്ഷണ വകുപ്പ് കന്നുകുട്ടി പരിപാലന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) രൂപം നൽകിയിട്ടുണ്ട്.<br>ഒരു പശുക്കുട്ടിയെ 4 മാസം പ്രായം മുതൽ 3 മാസം പ്രായം വരെ ശാസ്ത്രീയമായി പരിചരിക്കുന്നതിനും പോഷകാഹാരം നൽകുന്നതിനും ആവശ്യമായ ചെലവിന്റെ പകുതി തുക പരിധിക്ക് വിധേയമായി 12,500/- രൂപ വരെ കർഷകർക്ക് നൽകുന്നു. കന്നുകുട്ടിയെ ഇൻഷ്വർ ചെയ്യുന്നതിനുള്ള പ്രീമിയം, വിരമരുന്ന്, പരിശീലനം, പുൽവിത്ത്, ധാതുലവണ മിശ്രിതം, കന്നുകുട്ടി തീറ്റ എന്നിവയുടെ ചെലവ് ഇതിൽ ഉൾപ്പെടുന്നു. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | ബി) മെച്ചമായ പരിചരണത്തിലൂടെ ഒരു കന്നുകുട്ടി വളർന്ന് ഗർഭം ധരിച്ച് പ്രസവിച്ച് പശുവായി മാറുന്ന പ്രായം നേരത്തെ ആക്കുകയും, പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുകയും ചെയ്ത് അതുവഴി പാലുല്പാദനം വർദ്ധിപ്പിക്കുകയുമാണ് ലക്ഷ്യം. |

| | |
|---|---|
| സി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന ലഭിക്കുന്നത് ; വിശദമാക്കുമോ; | സി) 1. പദ്ധതിയിൽ എൻറോൾ ചെയ്യപ്പെടുന്ന കന്നുക്കുട്ടികളെ ഇൻഷ്വർ ചെയ്യുന്നതിന് പ്രീമിയം തുകയുടെ പകുതി ധനസഹായം നൽകുന്നു.<br>2. ശാസ്ത്രീയ കന്നുകുട്ടി പരിപാലനത്തിൽ കർഷകന് പരിശീലനം നൽകുന്നു.<br>3. കന്നുകുട്ടിക്ക് വെറ്ററിനറി ഡോക്ടറുടെ ശുപാർശ പ്രകാരം വിരമരുന്ന് നൽകുന്നു.<br>4. ധാതുലവണ മിശ്രിതം നൽകുന്നതിന് ധനസഹായം നൽകുന്നു.<br>5. 4 മാസം പ്രായം മുതൽ 30 മാസം പ്രായം വരെ തീറ്റയുടെ ചെലവിന്റെ പകുതി നൽകുന്നു.<br>6. പുൽക്കൃഷി പ്രോത്സാഹനത്തിന് നടീൽ വസ്തുക്കൾ നൽകുന്നു.<br>ആകെ ധനസഹായം 12,500/- രൂപ പരിധിക്ക് വിധേയമാണ്. |
| ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | ഡി) ഇത് ഒരു തുടർ പദ്ധതിയാണ്. 2013-14 ൽ ആകെ 56,400 കന്നുകുട്ടികളെ എൻറോൾ ചെയ്ത് പരിപാലിച്ചുവരുന്നു. |

(signature)

സെക്ഷൻ ഓഫീസർ